## ആമുഖം

1937 ൽ പ്രവർത്തനമാരംഭിച്ച KVLP സ്കൂൾ പൊൻകുന്നത്തിന് നിരവധി പ്രതിഭകളെ സമ്മാനിച്ച വിദ്യാലയമാണ്. ഞാഴപ്പള്ളി രാമകൃഷ്ണപിള്ള ഈ നാടിന്റെ സാംസ്കാരിക വികസനത്തിനായി പൊൻകുന്നത്തും പരിസരപ്രദേശങ്ങളിലുമായി നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. അതിലൊന്നാണ് പൊൻകുന്നം കെ.വി. എൽ. പി സ്കൂൾ. പൊൻകുന്നത്തെ ജനങ്ങളുടെ വിദ്യാഭ്യാസ ആവശ്യം നിറവേറ്റുന്നതിനായി സ്ഥാപിച്ച ആദ്യ വിദ്യാലയമാണിത്.

ഓരോ ക്ലാസിലും മൂന്നു ഡിവിഷനുകളിലായി ആയിരത്തിലധികം വിദ്യാർത്ഥികൾ വർഷങ്ങളോളം വിദ്യ അഭ്യസിച്ച മഹത് വിദ്യാലയമാണ് കൃഷ്ണവിലാസം എൽ പി സ്കൂൾ. ഇവിടെ ആദ്യകാലങ്ങളിൽ വിദ്യാർത്ഥികൾക്ക് വിദ്യ പകർന്നു നൽകുന്നതിനായി ഇരുപത്തെട്ട് അധ്യാപകരുണ്ടായിരുന്നു. കാലാന്തരമായ വികസനം ഈ സ്കൂളിനുണ്ടായപ്പോൾ ഹൈസ്കൂളിനെ ഇവിടെ ഉൾക്കൊള്ളാൻ സാധിക്കാതെ വരികയും ഗവൺമെന്റിന് വിട്ടുകൊടുക്കുകയും ചെയ്തു. ഈ സ്കൂളിന്റെ സമീപത്തുതന്നെ

ഹൈസ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കാലാനുസൃതമായി സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളിൽ മാറ്റം ഉണ്ടായില്ല. അതിനാൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായി. ഇന്നും ഭൗതികസാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലുകൾ ഈ സ്കൂളിന് അനിവാര്യമാണ്.

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ പൊൻകുന്നം ടൗണിൽ നിന്നും 200 മീറ്റർ അകലെയാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കോട്ടയം-കുമളി ഹൈവേയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പൊൻകുന്നം കൃഷ്ണ വിലാസം എൽ. പി. സ്കൂളിൽ വിദ്യാർത്ഥികൾക്ക് എത്തിച്ചേരുവാൻ വളരെ എളുപ്പമാണ്.

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലായി **22** കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു. ഇതിനോട് ചേർന്ന് ഒരു pre primary school-ഉം പ്രവർത്തിക്കുന്നു. ഇപ്പോൾ ഇവിടെ 4 അധ്യാപകരും Noon feeding worker ഉം പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യം വികസിക്കുമ്പോൾ സ്കൂളിന്റെ സർവ്വതോന്മുഖമായ വികാസം പ്രാപ്തമാകും എന്ന് വിശ്വസിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

* പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
* നേടേണ്ട ശേഷികൾ രക്ഷിതാക്കൾ, സമൂഹം എന്നിവരെ അച്ചടിച്ചറിയിക്കും.
* സർഗാപരം, അക്കാദമികം, കായികമായ കഴിവ് പ്രോത്സാഹിപ്പിക്കൽ - നേട്ടങ്ങൾ കൈവരിക്ക
* മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്ക വാനും എഴുതാനും വായിക്കുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുന്നു.
* കുട്ടികൾ എല്ലാ ക്ലാസിലെയും ശേഷികൾ നേടേ തിനായി അധിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
* സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളുടെ കാല നുസൃതമായ വികസനം.
* - സ്കൂളിന്റെ മേൽക്കൂര പുതുക്കിപ്പണിയൽ

- class room funiture
- office funiture
- ലൈബ്രറി വികസനം
- കമ്പ്യൂട്ടർ ലാബ്
- സ്കൂൾ പച്ചക്കറി തോട്ടം
- ഔഷധത്തോട്ട നിർമ്മാണം
- പൂന്തോട്ട നിർമ്മാണം
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ ക്യാമ്പസിനെ തയ്യാറാക്കൽ
- ചുവരുകൾ ചിത്രങ്ങളും അക്ഷരങ്ങളും കൊണ്ട് ആകർഷിക്കമാക്കൽ

## I ഹ്രസ്വ കാല പ്രവർത്തനങ്ങൾ.

1. എല്ലാ ക്ലാസിലെയും കുട്ടികൾ നേടിയെടുക്കേണ്ട ശേഷികൾ കൈവരിക്കുന്നതിനായി അധികപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

2. എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവർക്കായി മലയാളത്തിളക്കം.

3. രാവിലെ 9.15 മുതൽ 10 വരെയുള്ള പ്രത്യേക ഇംഗ്ലീഷ് ക്ലാസുകൾ.

4. മൂന്നാം ക്ലാസിലെ കുട്ടികൾക്കായുള്ള അക്ഷര പ്രോഗ്രാമിന്റെ കൃത്യമായ നടത്തിപ്പ്.

5. കുട്ടികളിൽ അച്ചടക്കവും വേദിയെ അഭിമുഖീകരിക്കാനുള്ള കഴിവും ആശയവിനിമയശേഷി വളർത്തുന്നതും കഥ, കവിത, പ്രസംഗം, പത്രവാർത്ത എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇംഗ്ലീഷ്, മലയാളം അസംബ്ലികൾ.

6. ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ ഗണിതകേളികൾ puzzles, കുസൃതിക്കണക്കുകൾ, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം എന്നിവയുടെ ആസൂത്രണവും നിർവ്വഹണവും

7. ഇംഗ്ലീഷിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ബാലമാസികകൾ.

8. ക്ലാസ് ലൈബ്രറി വികസനത്തിന് കുട്ടികളുടെ കൈയിൽ നിന്നും കൂടുതൽ പുസ്തകങ്ങളുടെ ശേഖരണം.

9. വായനയോടുള്ള താല്പര്യം വർദ്ധിപ്പിക്കുവാൻ വായനാ കാർഡുകളുടെ വിതരണം, ചിത്രകഥകൾ വായിപ്പിക്കൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ എന്നിവ നടത്തുന്നു.